ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരോളിലിറങ്ങിയ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഈ രണ്ടുപേരിൽ ഒരാൾ തൃശൂർ ജില്ലയിലും മറ്റൊരാൾ എറണാകുളം ജില്ലയിലും ഉള്ളതാണ്.

തുറന്ന ജയിലിലെ തൊഴിലിനുള്ള വേതന കുടിശ്ശിക

84 (3038) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിലെ തടവുകാർക്ക് ജയിലിൽ തൊഴിൽ ചെയ്യുന്നതിന്റെ വേതനം മാസങ്ങളായി ലഭ്യമാകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിലുള്ള തടവുകാർക്ക് പരോളിനു പുറമേ ഹോംലീവ് എന്ന ആനുകൂല്യം ലഭ്യമാകുന്നുണ്ടോ ;

(സി) ഹോം ലീവ് പരോളിനോടൊപ്പം ചേർത്ത് അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തടവുകാർക്ക് ലഭിക്കേണ്ട വേതനം കൃത്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ചട്ടമനുസരിച്ച് ഒരു ലീവും മറ്റൊരു ലീവിനോട് ചേർത്ത് നൽകുവാൻ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവാഹമില്ല.

(ഡി) വേതനമിനത്തിൽ കുടിശ്ശികവരാത്ത വിധത്തിൽ നൽകണമെന്ന് എല്ലാ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ ഫണ്ട് ജയിലുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

എക്സ് സർവ്വീസ്മെൻ ഡവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ പ്രവർത്തനം

85 (3039) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആസ്ഥാനമാക്കി കേരള സംസ്ഥാന എക്സ് സർവ്വീസ്മെൻ ഡവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷന്റെ ഉന്നമനത്തിനും പ്രവർത്തന വിജയത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും വിജയത്തിനുമായി ഗവൺമെന്റ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം ;

(എഫ്) ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധസർക്കാർ സ്ഥാപനങ്ങളും പ്രസ്തുത കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്നും ആയതുപ്രകാരം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ ;

(ജി) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെല്ലാം സ്ഥാപനങ്ങൾ സ്വകാര്യഏജൻസികളുമായി കരാർ വച്ചിട്ടുണ്ട് എന്നും എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ;

(എച്ച്) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ ഏജൻസികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകൾ റദ്ദുചെയ്ത് പകരം കോർപ്പറേഷനിൽ നിന്നും ആളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 7-12-2001-ൽ രജിസ്റ്റർ ചെയ്തു. 10-9-2002-ൽ മാനേജിംഗ് ഡയറക്ടർ സ്ഥാനമേൽക്കുകയും ചെയ്തു.

(ബി) വിമുക്തഭടൻമാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, അവർക്ക് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഇതിലേക്കായി സുരക്ഷാ ജോലികൾ അറ്റകുറ്റപ്പണികൾ തുടങ്ങിയവയും, ധനസഹായം, പാർക്കിംഗ് ഫീസ് പിരിക്കൽ/കരാറുകൾ എന്നിവയും നടപ്പിൽാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാജോലിക്ക് ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റിൽ നിന്നോ സ്റ്റേറ്റ് എക്സ്സർവ്വീസ്മെന്റ് സെക്യൂരിറ്റി കോർപ്പറേഷൻ മുഖേനയോ വേണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതനുസരിച്ച് പൊതുമേഖലാ, അർദ്ധസർക്കാർ-തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവയിലെ സുരക്ഷാജോലികൾ തുടങ്ങിയവയ്ക്ക് ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റിൽനിന്നോ, സംസ്ഥാന വിമുക്തഭടവികസന കോർപ്പറേഷനിൽ നിന്നോ നിർദ്ദേശിക്കുന്ന വിമുക്ത ഭടൻമാരെ നിയമിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാനസർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷനുമായി ഇതുവരെ പൊതുമേഖലാ സ്ഥാപനങ്ങളോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ കരാർ വെക്കുകയോ അതിൻപ്രകാരം നിയമനം നടത്തുകയോ ചെയ്തിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരികയാണ്.

(ജി) ചില സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികളുമായി കരാർവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ച് വരുന്നു.

കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം

86 (3040) ശ്രീമതി രാധാ രാഘവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ട പരിഹാരമായി നൽകേണ്ട തുക ബന്ധപ്പെട്ടവർക്ക് നൽകിയോ ;

(ബി) ജസ്റ്റിസ് നാരായണക്കുറുപ്പിനെ കുമരകം ബോട്ടപകടത്തെപ്പറ്റി അന്വേഷിക്കുവാനുള്ള കമ്മീഷനായി നിയമിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി വാദം കേൾക്കുമ്പോൾ ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുമെന്ന് ഗവൺമെന്റിന് വേണ്ടി ഉറപ്പു നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരണപ്പെട്ട മുതിർന്നവരുടെ അനന്തരവകാശികൾക്ക് 50,000 രൂപ വീതവും കുട്ടിയുടെ അനന്തരാവകാശികൾക്ക് 25,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉറപ്പു നൽകിയിട്ടില്ല.

തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനം

87 (3041) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനത്തിന് അടിയന്തിരമായി വേണ്ട 27 ഏക്കർ ഭൂമിയിൽ കോടതിയിൽ കേസുള്ള രണ്ടര ഏക്കർ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുതിയ ടെർമിനലിന്റെ പണി ഉടൻ ആരംഭിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly